REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-04-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാരം ഇന്ന് റോമിലെ സെന്റ് മേരി മേജർ ബസിലിക്കയിൽ. രാഷ്ട്രപതി ദ്രൗപതി മുർമു സംസ്കാര ചടങ്ങിൽ പങ്കെടുക്കും.**
- **15-ാമത് റോസ്ഗാർ മേളയിൽ ഗവൺമെന്റ് വകുപ്പുകളിലും സ്ഥാപനങ്ങളിലും നിയമനം ലഭിച്ച 51,000ത്തിലേറെ പേർക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ നിയമന ഉത്തരവ് കൈമാറും.**
- **രജിസ്ട്രേഷൻ വകുപ്പിലെ പണമിടപാടുകൾ E- പെയ്മെന്റ് സംവിധാനത്തിലേക്ക് മാറ്റുന്ന നടപടികൾ വേഗത്തിലാക്കണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.**
- **IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർ കിംഗ്സിനെ 5 വിക്കറ്റിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

ആഗോള റോമൻ കത്തോലിക്ക സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാരം ഇന്ന് റോമിലെ സെന്റ് മേരി മേജർ ബസിലിക്കയിൽ നടത്തും. വത്തിക്കാൻ നഗരത്തിലെ സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നരയ്ക്ക് സംസ്കാര ചടങ്ങുകൾ ആരംഭിക്കും. കർദ്ദിനാൾ ജിയോവന്നി ബാറ്റിസ്റ്റ റേ ശുശ്രൂഷകളിൽ മുഖ്യ കാർമികനാകും. ഭൗതിക ശരീരമടങ്ങിയ പേടകം റോമിലെ സെന്റ് മേരി മേജർ ബസിലിക്കയിലേക്ക് മാറ്റുന്നതോടെ സംസ്കാര ചടങ്ങുകൾ അവസാനിക്കും.

ഡെസ്ക് റിപ്പോർട്ട്....

.........വോയ്സ്......

ലോക രാഷ്ട്രത്തലവന്മാരും പ്രതിനിധികളും ഉൾപ്പെടെ പതിനായിരങ്ങൾ സംസ്കാര ചടങ്ങിൽ പങ്കെടുക്കും.

ഇന്ത്യയെ പ്രതിനിധീകരിച്ച് സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ഇന്നലെ റോമിലെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമു വത്തിക്കാൻ സിറ്റിയിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ ഫ്രാൻസിസ് മാർപാപ്പയുടെ ഭൗതിക ശരീരത്തിൽ പുഷ്പചക്രം അർപ്പിച്ചു. കേന്ദ്രമന്ത്രി കിരൺറിജിജുവും, സഹമന്ത്രി ജോർജ്ജ് കുര്യനും, ഗോവ നിയമസഭ ഡെപ്യൂട്ടി സ്പീക്കർ ജോഷ്വ ഡിസൂസയും രാഷ്ട്രപതിക്കൊപ്പമുണ്ട്. കേരളത്തെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ ചടങ്ങിൽ പങ്കെടുക്കും.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, ഫ്രാൻസ് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ, ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ, അർജന്റീനിയൻ പ്രസിഡന്റ് ജാവിയർ മിലി ഉൾപ്പെടെ നിരവധി ലോക നേതാക്കൾ സംസ്കാര ചടങ്ങിൽ പങ്കെടുക്കും.

സംസ്കാര ചടങ്ങിനോട് ആദരസൂചകമായി ഇന്ത്യയിൽ ഇന്ന് ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടുമെന്ന് ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

ഗവൺമെന്റ് വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി നിയമനം ലഭിച്ച 51,000ത്തിൽ പരം പേർക്ക് റോസ്ഗാർ മേളയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി രാവിലെ വീഡിയോ കോൺഫറൻസിലൂടെ നിയമന ഉത്തരവ് കൈമാറും. ഡൽഹിയിൽ നിന്ന് അദ്ദേഹം ഉദ്യോഗാർത്ഥികളെ അഭിസംബോധന ചെയ്യും. തൊഴിൽ സൃഷ്ടിക്ക് ഉയർന്ന മുൻഗണന നൽകി ആരംഭിച്ച റോസ്ഗാർ മേളയുടെ പതിനഞ്ചാം പതിപ്പാണിത്. രാജ്യത്തെ 47 കേന്ദ്രങ്ങളിൽ റോസ്ഗാർ മേള ഒരുക്കിയിട്ടുണ്ട്.

റോസ്ഗാർ മേളയുടെ ഭാഗമായി കൊച്ചിയിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി പങ്കെടുക്കും. എറണാകുളം TDM ഹാളിൽ രാവിലെ ഒമ്പതരയ്ക്ക് ചടങ്ങ് ആരംഭിക്കും. പ്രധാനമന്ത്രിയുടെ അഭിസംബോധനയ്ക്കു ശേഷം നിയമനം ലഭിച്ചവർക്ക് ഉത്തരവുകൾ കൈമാറും.

തിരുവനന്തപുരത്ത് റോസ്ഗാർ മേളയിൽ കേന്ദ്ര സഹമന്ത്രി കമലേഷ് പാസ്വാൻ പങ്കെടുക്കും.

✪✪✪

സിന്ധു നദിയിലെ ഒരു തുള്ളി വെള്ളം പോലും പാകിസ്ഥാനിൽ എത്തുന്നില്ലെന്ന് കേന്ദ്രം ഉറപ്പാക്കുമെന്ന് ജൽ ശക്തി മന്ത്രി CR പാട്ടീൽ ന്യൂഡൽഹിയിൽ പറഞ്ഞു. പാകിസ്ഥാനുമായി ഒപ്പിട്ട സിന്ധു നദീജല കരാർ മരവിപ്പിക്കാനെടുത്ത ചരിത്രപരമായ തീരുമാനം പൂർണമായും ദേശീയ താത്പര്യത്തിന്റെയും നീതിയുടേയും അടിസ്ഥാനത്തിലാണെന്ന് അദ്ദേഹം വിശദീകരിച്ചു. കരാർ സംബന്ധിച്ച് ഇന്നലെ ചേർന്ന ഉന്നതതല യോഗത്തിന് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഭ്യന്തരമന്ത്രി അമിത് ഷായുടെ വസതിയിൽ ചേർന്ന യോഗത്തിൽ വിദേശ കാര്യമന്ത്രി ഡോ. S. ജയശങ്കർ, ജൽ ശക്തി മന്ത്രി CR പാട്ടീൽ തുടങ്ങിയവരും മുതിർന്ന ഉദ്യോഗസ്ഥരും പങ്കെടുത്തു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിന് ശേഷം ജമ്മു കശ്മീരിലുണ്ടായ സുരക്ഷാ സാഹചര്യവും അനുബന്ധ സംഭവ വികാസങ്ങളും സൈനിക മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഉന്നത തല യോഗങ്ങളിൽ വിലയിരുത്തി. ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹയ്ക്കൊപ്പം സംസ്ഥാനത്തെ സുരക്ഷാ സാഹചര്യങ്ങളും അദ്ദേഹം അവലോകനം ചെയ്തു. നിയന്ത്രണ രേഖയിൽ ആവർത്തിച്ചുണ്ടാകുന്ന വെടി നിർത്തൽ ലംഘനങ്ങളും ആക്രമണങ്ങളും യോഗങ്ങളിൽ വിശദമായി ചർച്ച ചെയ്തു.

ലോക് സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും ഇന്നലെ ജമ്മു കശ്മീരിലെത്തിയിരുന്നു. ലെഫ്റ്റനന്റ് ഗവർണറുമായും മുഖ്യമന്ത്രിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. പഹൽഗാം ഭീകരാക്രമണത്തിൽ കേന്ദ്രവും ജമ്മു കശ്മീരും എടുത്ത നിലപാടുകളെ കോൺഗ്രസ് പൂർണമായി പിന്തുണയ്ക്കുമെന്ന് അദ്ദേഹം ആവർത്തിച്ച് അറിയിച്ചു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ചും ഇന്ത്യക്ക് പിന്തുണ അറിയിച്ചും ലോക രാഷ്ട്രങ്ങളുടെ നേതാക്കൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്നലെയും ടെലിഫോണിൽ സംസാരിച്ചു. UK പ്രധാനമന്ത്രി കെയർ സ്റ്റാമറും നെതർലന്റ്സ് പ്രധാനമന്ത്രി ഡിക്-ഷൂഫും ശ്രീലങ്കൻ പ്രസിഡന്റ് അനുര ദിസനായകെ - യും ഭീകരാക്രമണത്തെ നിശിതമായി അപലപിച്ചു. ആക്രമണത്തിൽ ഒട്ടേറെ നിരപരാധികൾ മരിച്ചതിൽ അവർ അനുശോചനം അറിയിച്ചു. ഇന്ത്യയോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായും രാഷ്ട്രനേതാക്കൾ വ്യക്തമാക്കി.

✪✪✪

ഭീകരാക്രമണത്തിനിടെ ജമ്മു കശ്മീരിൽ ഒറ്റപ്പെട്ടുപോയ 415 യാത്രക്കാരെ പ്രത്യേക വിമാനങ്ങളിൽ മുംബൈയിലെത്തിച്ചു. ശ്രീനഗറിൽ നിന്ന് മുംബൈയിലേക്ക് സൗജന്യമായാണ് മൂന്ന് വിമാനങ്ങൾ ഏർപ്പെടുത്തിയതെന്ന് സിവിൽ വ്യോമയാന മന്ത്രാലയം അറിയിച്ചു. ജമ്മു കശ്മീരിൽ നിന്ന് 500-ഓളം പേർ ഇതിനകം വീടുകളിൽ സുരക്ഷിതമായി എത്തിയിട്ടുണ്ടെന്നും മന്ത്രാലയം വെളിപ്പെടുത്തി.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിൽ ജീവൻ പൊലിഞ്ഞവർക്ക് BJP കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വൈകിട്ട് കോഴിക്കോട് കിഡ്സൺകോർണറിൽ ശ്രദ്ധാഞ്ജലി അർപ്പിക്കും. പാർട്ടി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

ഇന്നലെ അന്തരിച്ച പ്രമുഖ ബഹിരാകാശ ശാസ്ത്രജ്ഞനും ISRO മുൻ ചെയർമാനുമായ ഡോ. K കസ്തൂരിരംഗന്റെ ഭൗതിക ശരീരം നാളെ ബംഗലൂരുവിൽ സംസ്കരിക്കും. ഇന്നലെ രാവിലെ പത്തേമുക്കാലോടെ ബംഗലൂരുവിലെ വീട്ടിലായിരുന്നു 84-കാരനായ ഡോ. കസ്തൂരിരംഗന്റെ അന്ത്യം. ഒമ്പത് വർഷം ISRO ചെയർമാനായിരുന്നു അദ്ദേഹം. പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട മാധവ് ഗാഡ്ഗിൽ സമിതി ശുപാർശകൾ വീണ്ടും പഠിച്ച് റിപ്പോർട്ട് നൽകിയതോടെ പരിസ്ഥിതി സംരക്ഷണത്തിലും അദ്ദേഹത്തിന്റെ സംഭാവനകൾ നിർണായകമായി. നാളെ രാവിലെ ബംഗലൂർ രാമൻ റിസർച്ച് ഇൻസ്റ്റിട്യൂട്ടിൽ മൃതദേഹം പൊതുദർശനത്തിന് വെക്കും.

✪✪✪

രജിസ്ട്രേഷൻ വകുപ്പിലെ പണമിടപാടുകൾ E- പെയ്മെന്റ് സംവിധാനത്തിലേക്ക് മാറ്റി സമ്പൂർണ ക്യാഷ്‌ലസ് രജിസ്ട്രേഷൻ യാഥാർത്ഥ്യമാക്കാൻ നടപടികൾ വേഗത്തിലാക്കണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർദേശം നൽകി. രജിസ്ട്രേഷൻ വകുപ്പിന്റെ കോഴിക്കോട്, വയനാട് ജില്ലാ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. തെരഞ്ഞെടുത്ത സബ് രജിസ്ട്രാർ ഓഫീസുകൾ, IOS നിലവാരത്തിലേക്ക് കൊണ്ടുവരും. ഇതോടെ, പൊതുജനങ്ങൾക്ക് നടപടി പുരോഗതി മണിക്കൂറുകൾക്കകം അറിയാൻ കഴിയും.

✪✪✪

BJP യുടെ വികസിത കേരളം വയനാട് കൺവെൻഷൻ ഫ്രാൻസിസ് മാർപ്പാപ്പയുടെ അന്ത്യകർമ്മങ്ങളുടെ സാഹചര്യത്തിൽ ഇന്ന് റദ്ദാക്കി. BJP ജില്ലാ കേന്ദ്രങ്ങളിൽ മാർപ്പാപ്പയുടെ അന്ത്യ ശുശ്രൂഷാ ചടങ്ങുകൾ തത്സമയം സംപ്രേഷണം ചെയ്യാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറും നേതാക്കളും ദേവാലയങ്ങളിലെ ചടങ്ങുകളിൽ സംബന്ധിക്കും.

കോഴിക്കോട് റൂറൽ കൺവെൻഷനും സെമിനാറും മറ്റന്നാൾ വൈകിട്ട് ബാലുശ്ശേരി ഗോകുലം കൺവെൻഷൻ സെന്ററിൽ നടത്തും. പാർട്ടി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ സെമിനാറിന് മുന്നോടിയായി കോഴിക്കോട് റൂറൽ ജില്ലയിലെ പ്രമുഖ വ്യക്തികളുമായി സംവദിക്കും. 'മാറാത്തത് ഇനി മാറും' എന്ന മുദ്രാവാക്യത്തോടെയാണ് സംസ്ഥാനത്തെ 30 സംഘടനാ ജില്ലാ കേന്ദ്രങ്ങളിൽ മെയ് പത്ത് വരെ വികസിത കേരളം കൺവെൻഷൻ സംഘടിപ്പിക്കുന്നത്.

✪✪✪

BJP സംസ്ഥാന വൈസ് പ്രസിഡന്റ് ശോഭാ സുരേന്ദ്രന്റെ തൃശൂർ അയ്യന്തോളിലെ വീടിന് സമീപത്തേക്ക് അജ്ഞാതർ ബോംബെറിഞ്ഞു. ശോഭാ സുരേന്ദ്രന്റെ അയൽവാസിയുടെ വീടിനടുത്താണ് ബോംബ് പൊട്ടിത്തെറിച്ചത്. വീട് മാറിയാവാം ആക്രമണമുണ്ടായത് എന്ന സംശയത്തിൽ തൃശൂർ സിറ്റി പൊലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ അന്വേഷണം ആരംഭിച്ചു. സംഭവത്തിൽ വിശദാന്വേഷണം വേണമെന്ന് BJP ആവശ്യപ്പെട്ടു.

✪✪✪

IPL ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദ്, ചെന്നൈ സൂപ്പർ കിംഗ്സിനെ 5 വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് കൊൽക്കൊത്ത നൈറ്റ് റൈഡേഴ്സ് പഞ്ചാബ് കിംഗ്സ്മായി ഏറ്റുമുട്ടും. കൊൽക്കൊത്ത ഈഡൻ ഗാ ർഡൻസിൽ വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

കോഴിക്കോട്ട് സിറ്റി ട്രാഫിക് പൊലീസ് നടപ്പാക്കുന്ന 'കാഴ്ച' പദ്ധതി രാവിലെ ജില്ലാ പൊലീസ് മേധാവി T നാരായണൻ ഉദ്ഘാടനം ചെയ്യും. റോഡരികിലെ കാഴ്ച മറയ്ക്കുന്ന മരച്ചില്ലകളും ബോർഡുകളും മറ്റ് തടസ്സങ്ങളും പരിപാടിയിൽ നീക്കം ചെയ്യും. റിഫ്ലക്ടറുകൾ, ബാരിക്കേഡുകൾ, ട്രാഫിക് കോണുകൾ എന്നിവ സ്ഥാപിച്ച് വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനാണ്

കാഴ്ചാ പദ്ധതി നടപ്പാക്കുന്നത്. ആദ്യ ഘട്ടത്തിൽ തൊണ്ടയാട് മുതൽ മാവൂർ വരെ ഭാഗം സുരക്ഷിതമാക്കും.

✪✪✪

സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് ഇന്ന് തൊടുപുഴയിൽ നടത്തും. ചെയർമാൻ AA റഷീദ് കമ്മീഷന് ലഭിച്ച പരാതികളും പുതിയ പരാതികളും PWD റെസ്റ്റ് ഹൗസിലെ സിറ്റിംഗിൽ പരിഗണിക്കും.

✪✪✪

സിറ്റി റോഡ് നവീകരണ പദ്ധതിയിൽ കോഴിക്കോട് രാമനാട്ടുകര മുതൽ മീഞ്ചന്ത വട്ടക്കിണർ വരെ വീതി കൂട്ടി നവീകരിക്കുന്നതിന് ഗവൺമെന്റ് ഭൂ സർവെ വിജ്ഞാനപനം പുറപ്പെടുവിച്ചു. ഒമ്പത് കിലോമീറ്ററിലേറെ ഭാഗം നാല് വരി പാതയായാണ് നവീകരിക്കുന്നത്.

✪✪✪

വിവരാവകാശ നിയമത്തിന്റെ ശക്തിയും ദൗർബല്യവും ഉദ്യോഗസ്ഥർ തന്നെയാണെന്ന് സംസ്ഥാന വിവരാവകാശ കമീഷണർ ഡോ. A അബ്ദുൽ ഹക്കീം അഭിപ്രായപ്പെട്ടു. കോഴിക്കോട്ട് കമ്മീഷൻ ഹിയറിങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വിവരാവകാശ അപേക്ഷകർക്ക് താൽപര്യത്തോടെ മറുപടി നൽകുന്നതാണ് നിയമത്തിന്റെ ശക്തി. മറുപടി നൽകാൻ തയാറാകാത്ത ഉദ്യോഗസ്ഥരാണ് നിയമത്തിന്റെ ദൗർബല്യമെന്നും അദ്ദേഹം പറഞ്ഞു.

ഹിയറിങ്ങിൽ 15 പരാതികൾ  പരിഗണിച്ച് തീർപ്പാക്കി.

✪✪✪

വയനാട്ടിൽ കാട്ടാനയാക്രമണത്തിൽ മരിച്ച അറുമുഖന്റെ കുടുംബത്തിന് അടിയന്തര ധനസഹായമായി അഞ്ച് ലക്ഷം രൂപ കൈമാറി. ബാക്കി അഞ്ച് ലക്ഷം രൂപയും ഇൻഷൂറൻസ് തുകയും  പിന്തുടർച്ചാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നൽകുമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ഇന്ന് ലോക ബൗദ്ധിക സ്വത്തവകാശദിനം. പേറ്റന്റുകൾ, പകർപ്പ് അവകാശം, വ്യാപാരമുദ്രകൾ, ഡിസൈനുകൾ തുടങ്ങി ബൗദ്ധിക സ്വത്തുകൾ ദൈനംദിന ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം.

✪✪✪

കക്കയം ജലവൈദ്യുത പദ്ധതിയിലെ പെൻസ്റ്റോക്ക് പൈപ്പിലുണ്ടായ ചോർച്ച അടച്ചു. വൈദ്യുതോത്പാദനം പുനരാരംഭിച്ചതോടെ വടക്കൻ ജില്ലകളിൽ വൈദ്യുതി വിതരണം മുടങ്ങുമെന്ന ആശങ്ക ഒഴിവായി.

✪✪✪

ഗ്രന്ഥശാലകൾ കേന്ദ്രീകരിച്ച് നടന്ന സാംസ്കാരിക പ്രവർത്തനങ്ങളാണ് ഇന്നത്തെ കേരളത്തെ സൃഷ്ടിച്ചതെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു.

കണ്ണൂരിൽ സംസ്ഥാന ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന അഖില കേരള വായനോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് NIT യിൽ ദേശീയ വിദ്യാഭ്യാസ നയം 2020 എന്ന വിഷയത്തിൽ ദേശീയ സമ്മേളനത്തിന് തുടക്കമായി. നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ചെയർമാൻ പ്രൊഫസർ അനിൽ സഹസ്രബുദ്ധെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

✪✪✪

കോഴിക്കോട്, ഫറോക്ക് മണ്ണൂരിൽ ക്ഷേത്രവളപ്പിലെ ചന്ദനമരം മോഷ്ടിച്ച കേസിലെ പ്രതി പരപ്പനങ്ങാടി മുഹമ്മദ് ഷബീറിനെ പൊലീസ് പിടികൂടി. 2018ൽ അറസ്റ്റിലായ പ്രതി ജാമ്യത്തിലിറങ്ങി ഒളിവിൽ പോവുകയായിരുന്നു.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team:നിഷിതകുമാരി*
*DEO: സി കെ സുബോധ്*